# യുദ്ധം വിരൽത്തുമ്പിൽ

രാജൻ സി. എസ്.

ഫോട്ടോ ഷോപ്പ് എന്ന പ്രോഗ്രാം പഠിപ്പിക്കുന്നതിനിടയിൽ, അതിന്റെ പ്രായോഗികമായ ഒരു ഉദാഹരണമായി പരിശീലകൻ എടുത്തുകാട്ടുന്നത് ഒക്ടോ. 8 ലെ മലയാള മനോരമ പത്രമാണ്. മുൻപേജിലെ യുദ്ധവാർത്തയോടനുബന്ധിച്ച് ചേർത്തിട്ടുള്ള, ആകാശം നിറഞ്ഞുനിൽക്കുന്ന അനവധി ബോംബർ വിമാനങ്ങളുള്ള ഒരു വലിയ ചിത്രം. വ്യത്യസ്തമായ കുറെ ചിത്രങ്ങളെ വളരെ സമർത്ഥമായി പരസ്പരം സന്നിവേശിപ്പിച്ച് എങ്ങിനെ ഒറ്റച്ചിത്രമാക്കാമെന്നതിന്റെ നല്ല ഉദാഹരണമായി ഈ ചിത്രത്തെക്കുറിച്ച് പരിശീലകൻ വാചാലനാകുകയാണ്. നോക്കൂ, ഇതിലെ ആകാശം കമ്പ്യൂട്ടറിലെ ഫോട്ടോ ആൽബത്തിൽ സ്റ്റോർ ചെയ്തുവെച്ചിട്ടുള്ളതാണ്. ഇതിലെ ഒരു വിമാനം ഒരുപക്ഷേ, എവിടെ


10

മലയാള

മിസൈലേറ്റ് മുല്ല ഉമറിൻ

ഒക്ടോബർ 10 ലെ മനോരമ പത്രത്തിന്റെ ഒന്നാം പേജ്

നിന്നെങ്കിലും സംഘടിപ്പിച്ചതാവാം, അല്ലെങ്കിൽ യുദ്ധരംഗത്തുനിന്നുതന്നെയാവാം. പക്ഷേ, അതിന്റെ പിന്നിലുള്ള മറ്റു വിമാനങ്ങൾ, ഈ വലിയ വിമാനത്തിന്റെ തന്നെ ചെറുപതിപ്പുകളാണ്. അതായത്, ഒരു ചിത്രത്തിന്റെ തന്നെ പകർപ്പുകൾ എടുത്ത് ഒട്ടിക്കുന്ന (Copy & Paste) രീതിയിലാണ് ഈ ഫോട്ടോ സൃഷ്ടിച്ചെടുത്തിരിക്കുന്നത്. ഓ, എന്തൊരു ഒറിജിനാലിറ്റി, ആകാശത്തുനിന്ന് നേരിട്ട് എടുത്തപോലെ---

ഒരു കഥയുടേയോ, കവിതയുടേയോ കൂടെ ആലങ്കാരികമായി ഒരു ചിത്രംച്ചേർക്കുന്നപോലെ, ഒരു യുദ്ധവാർത്തയ്ക്കൊപ്പം ഭാവനാത്മകമായി ഉണ്ടാക്കിയെടുക്കുന്ന ഒരു ചിത്രം ചേർക്കുന്നത്, യുദ്ധത്തെ ഒരു വിനോദപരിപാടിയായി മാധ്യമങ്ങൾ അവതരിപ്പിക്കുന്നതുകൊണ്ടാണ്. യുദ്ധം സ്വയം ഏറ്റെടുക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന മാധ്യമങ്ങൾ, ക്രിയേറ്റിവിറ്റിയെ ആയുധമാക്കി കൃത്രിമമായ ഭീകരത സൃഷ്ടിക്കുകയാണ്. യഥാർത്ഥത്തിൽ, നൈതികയുടെ മനുഷ്യാവകാശത്തിന്റെ ചോരയോട്ടം നിലയ്ക്കാത്ത, യുദ്ധവിരുദ്ധതയുടെ അഗ്നിത്താളുകളാകേണ്ട പത്രങ്ങൾ, അതിനു വിപരീതമായ നമ്മുടെ അസ്വാതന്ത്ര്യങ്ങളെ, അടിച്ചമർത്തപ്പെടലുകളെ, മരണങ്ങളെയൊക്കെ ആഘോഷിക്കുകയും, നമ്മുടെ ജീവിതത്തെ ഒരു മുഴുനീള ആക്ഷൻ ത്രില്ലറാക്കി അവതരിപ്പിക്കാൻ മത്സരിക്കുകയുമാണ്. അതിനായി, ഒടുങ്ങാത്ത പ്രലോഭിപ്പിക്കലുകളുമായി തുറന്നിരിക്കുന്ന കമ്പ്യൂട്ടർ ഒരു ഗ്ലോബൽ അശ്ലീലമാവുന്നു.--

വാ നിറയെ ഭൂമിയുടെ ചോരച്ചുവയുമായി ഒരു മോണിറ്റർ അവന്റെ സ്വപ്നങ്ങളിൽ ഇപ്പോൾ ഇരമ്പുന്നു.